# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിൻെറ പ്രതീകം

VOL. 20 No. 05 | PUBLISHED FROM DELHI | PRICE Rs. 3/- | MAY 2016


## ജി.ഡി.പി.എഫ്. ആൻതം ഓഫ് പ്രെയ്സ് നടന്നു

**ന്യൂഡൽഹി:** തലസ്ഥാന നഗരി ആറായിരത്തോളം പെന്തക്കോസ്തു വിശ്വാസികൾ പങ്കെടുത്ത ആരാധനയ്ക്ക് സാക്ഷിയായി. ഗ്രേയിറ്റർ ഡൽഹി പെന്തക്കോസ്തു ഫെലോഷിപ്പ് (ജി.ഡി.പി.എഫ്)ന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 30ന് ത്യാഗരാജ സ്റ്റേഡിയത്തിൽ വച്ച് നടന്ന ആൻതം ഓഫ് പ്രെയ്സ് എന്ന സംഗീത ശുശ്രൂഷയും വചന പ്രഘോഷണവും നടത്തപ്പെട്ടു. ഡൽഹി എൻ. സി. ആറിലെ പ്രധാന സംഗീത ടീമുകളെ കൂടാതെ പ്രശസ്ത്ര ഗായകൻ പാസ്റ്റർ അനിൽകാന്ത്(മുംബൈ) സംഗീതാരാധനയ്ക്ക് നേതൃത്വം നൽകി.




പാസ്റ്റർ ഡി. മോഹൻ (ചെന്നൈ) മുഖ്യസന്ദേശം നൽകുന്നു

പാസ്റ്റർ ഡി. മോഹൻ (ന്യൂലൈഫ് അസംബ്ലിസ് ഓഫ് ഗോഡ്, ചെന്നൈ) മുഖ്യപ്രഭാഷണം നടത്തി. ഉണർവ് ഡൽഹിയിൽ നിന്ന് തുടങ്ങി രാജ്യത്തിന്റെ നാല് ഭാഗത്തേക്കും വ്യാപരിക്കണം. അതിന് സഭകളുടെ ഐക്യതയും പ്രാർത്ഥനയും അനിവാര്യമാണ്. കൂടാതെ വിശുദ്ധിക്കും നിർമലതയ്ക്കും സഭ മുഖ്യസ്ഥാനം നൽകണം. വിശ്വാസികൾ തങ്ങളുടെ സ്വകാര്യജീവിതത്തിൽ വിശുദ്ധിയുള്ളവരായി മാറണം. ഇന്ന് പലരും സ്വകാരജീവിതത്തിൽ പാപത്തിൽ മുഴുകി ജീവിക്കുകയും സഭാ ആരാധനകളിൽ കപടവിശുദ്ധരായി പങ്കെടുക്കുകയും ചെയ്ത് ദൈവകോപത്തിന് പാത്രമായി മാറുന്നു. ദൈവജനം വചനം വായിക്കുകയും പഠിക്കുകയും വചന പ്രകാരം ജീവിക്കുകയും വേണം. ദൈവജനം വിശുദ്ധിയിൽ ജീവിച്ച് വചനം പ്രമാണിച്ച് പ്രാർത്ഥനയിൽ ഉറ്റിരിക്കുന്നുവെങ്കിൽ ഈ പട്ടണത്തിൽ ഈ തലമുറയിൽ തന്നെ ഉണർവ് പൊട്ടിപ്പുറപ്പെടുമെന്ന് അദ്ദേഹം പ്രസ്താവിച്ചു.

പാസ്റ്റർ ആർ. ഏബ്രഹാം ചെയർമാനായി പ്രവർത്തിക്കുന്ന ജി.ഡി.പി. എഫ്. പെന്തക്കോസ്തു സമൂഹത്തിന്റെ പൊതുആവശ്യങ്ങൾക്കായി ജി.ഡി.പി.എഫ് പ്രവർത്തിക്കുന്നു.

## എൻ.യു.സി.എഫ്. ഐക്യാരാധന നടന്നു

**ന്യൂഡൽഹി:** നാഷണൽ യുണൈറ്റഡ് ക്രിസ്ത്യൻ ഫ്രണ്ടി(എൻ.യു.സി.എഫ്)ന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 3-ാം തീയതി ഞയറാഴ്ച ഡൽഹി രാജ്നിവാസ് മാർഗ്ഗിലുള്ള മോദിഭവൻ മൈതാനത്ത് വച്ച് ഐക്യാരാധന നടത്തപ്പെട്ടു. നാലായിരത്തിൽ പരം വിശ്വാസികൾ പങ്കെടുത്ത ആരാധനയ്ക്ക് പാസ്റ്റർ ഡാനിയേൽ ജോർജ് അദ്ധ്യക്ഷത വഹിച്ചു. വിശ്വാസികളുടെയും സഭകളുടെയും ഐക്യത എന്ന വിഷയത്തെ ആസ്പദമാക്കി റവ. ഡോ. ജോനാഥാൻ അൻസാരി (അംബാല) മുഖ്യസന്ദേശം നൽകി. കർത്തൃമേശ ശുശ്രൂഷയ്ക്ക് പാസ്റ്റർ എം. ഐ.ഈപ്പൻ (ബങ്കലൂരു) നേതൃത്വം നൽകി. ഐ.സി.പി.എഫിന്റെ സംഗീതവിഭാഗം ആരാധനയ്ക്ക് നേതൃത്വം നൽകി.

ഡൽഹി മുഖ്യമന്ത്രി ശ്രീ. അരവിന്ദ് കേജ്രിവാൾ,

(ശേഷം മൂന്നാം പേജിൽ)



ഡൽഹി മുഖ്യമന്ത്രി ശ്രീ. അരവിന്ദ് കേജ്രിവാളിന്റെ ആശംസപ്രസംഗം

# തെരഞ്ഞെടുപ്പും മത്സരാർത്ഥികളും




**പാസ്റ്റർ ബിനു ജോൺ**

**ന്യൂഡൽഹി**


**ഒ**രിക്കൽ കൂടി തെരഞ്ഞെടുപ്പ് കാലത്തിലൂടെ നാം കടന്നു പോകുന്നു. മനുഷ്യന്റെ ജീവിതയാത്രയിൽ അവൻ ജീവിക്കുന്ന സമൂഹത്തിൽ സഹജീവികളുടെ മേൽ അധികാര സ്ഥാനത്തെ നേടുവാൻ ഉള്ള പ്രക്രിയയാണ് തെരഞ്ഞെടുപ്പ്.

ജീവിതം ആസ്വാദനത്തിന്റെയും, കളങ്കതയുടേയും സമയക്ലിപ്തതയുടെയും വേലിയേറ്റകുറച്ചിലുകളുടെയും തിരക്കുകളുടെയും നിമിഷങ്ങൾ ആണ്. പരിഹാരം കണ്ടെത്തേണ്ട പ്രശ്ന കൂമ്പാരങ്ങളും സമ്മർദ്ധങ്ങളും എപ്പോഴും ജീവിത സഖികളായി കൂടെയുള്ള കാലം. മനം മയക്കുന്ന പ്രീതിപ്പെടുത്തലുകളുടേയും വാഗ്ദാനങ്ങളുടെയും പുഞ്ചിരികളുടെയും വേളകൾ. നാടും വീടും കവലകളും ഓരോ മുക്കും മൂലയും ഒരുപോലെ ഉണർത്തപ്പെടുന്ന സമയം. അതാതു മണ്ഡലങ്ങളിലെ സ്ഥാനാർത്ഥികളെ ഒരു പ്രാവശ്യമെങ്കിലും ഒന്ന് നേരിൽ കാണുവാൻ പറ്റുന്ന നിമിഷങ്ങൾ. ജയിച്ചു വന്നാൽ പൊതുവേദികളിൽ മാത്രമേ പിന്നെ കാണാൻ സാധിക്കൂ എന്നതും വേറൊരു സത്യം. പാറിപ്പറക്കുന്ന കൊടിത്തോരണ പോസ്റ്ററുകൾ കൊണ്ട് അലങ്കരിക്കപ്പെടുന്ന സമയങ്ങൾ. ഉച്ചഭാഷണിക്കാർക്കും വാഹന ഉടമകൾക്കും കുട്ടി നേതാക്കൾക്കും കൊയ്ത്തിന്റെ കാലം. പാവം ജനങ്ങൾ ഇങ്ങനെയും പാർട്ടികളും ചിഹനങ്ങളും ഉണ്ടോ എന്ന് കൺഫ്യൂഷനാകുന്ന നിമിഷങ്ങൾ. ഏത് ചിഹനത്തിൽ വോട്ട് ചെയ്യണമെന്ന് സംശയിക്കപ്പെടുന്ന സമയം. അവരവരുടെ വ്യക്തി താത്പര്യങ്ങൾക്കും നിലനിൽപ്പിനും വേണ്ടി അവസരവാദികളായി മറുകണ്ടം ചാടുന്ന കുട്ടിനേതാക്കന്മാർ. ഒരു പാർട്ടിയിലും ഇല്ലാത്ത അപരന്മാർ, സ്വതന്ത്രർ . എല്ലാവരുടേയും ലക്ഷ്യം തെരഞ്ഞെടുക്കപ്പെടേണമെന്നും.

സസൂഷ്മം ചിന്തിക്കേണ്ടതും, ആത്മീയ മുന്നേറ്റങ്ങൾക്ക് ഉതകുന്നതും പ്രത്യാശയിലേക്ക് നമ്മെ കൊണ്ടുപോകേണ്ട തരത്തിലുള്ളതുമായിരിക്കേണം ആത്മീയ ഗോളത്തിലെ തിരഞ്ഞെടുപ്പ്. വിശുദ്ധ ബൈബിളിൽ അതിന്റെ വ്യക്തമായ ഉദാഹരണം അബ്രഹാമിന്റെയും ലോത്തിന്റേയും ചരിത്രമാണ്. അബ്രഹാമിന്റെ സഹോദര പുത്രനാണ് ലോത്ത് (ഉല്പ. 11:27). ഉല്പത്തി 12-ാം അദ്ധ്യായത്തിൽ ദൈവീക വിളികേട്ട് അബ്രഹാം ഇറങ്ങിത്തിരിക്കുന്നു. അതിൽ ദൈവീക വാഗ്ദത്തം പ്രാപിക്കുന്നു. ഞാൻ നിന്നെ വലിയൊരു ജാതി ആക്കും. ഈ അരുളപ്പാട് പ്രാപിച്ച അബ്രഹാം- മിസ്രയിമിൽ എത്തുകയും അവിടെ നിന്ന് അബ്രഹാമും ഭാര്യയും അവനുള്ളതൊക്കെയും കൂടെ ലോത്തും യാത്ര പുറപ്പെട്ടു. അബ്രഹാമും ലോത്തും വളരെ സമ്പന്നരായിരുന്നു. ഇതു കാരണം തമ്മിൽ പിണക്കം ഉണ്ടാകരുത് എന്ന ആഗ്രഹം അബ്രഹാം കാണിക്കുന്നു. അതോടൊപ്പം ഒരു തീരുമാനം കൂടി അബ്രഹാം ലോത്തിന്റെ മുമ്പിൽ വയ്ക്കുന്നു. ദേശം വിശാലമാണ്. നീ ഇടത്തോടെങ്കിൽ ഞാൻ വലത്തോട്ട്, നീ വലത്തോട്ടെങ്കിൽ ഞാൻ ഇടത്തോട്ട്. എന്നാൽ ദൈവീക അരുളപ്പാട് ഇല്ലാത്ത ലോത്ത് കൺമുൻപിൽ കണ്ട നീരോട്ടമുള്ള പ്രദേശം തെരഞ്ഞെടുത്തു. എന്നാൽ അബ്രഹാം കനാൻ ദേശത്ത് പാർത്തു. ദൈവീക വിളിയുള്ളവന്റെ തെരഞ്ഞെടുപ്പ് ദൈവവിളിയില്ലാത്തവന്റേതിൽ നിന്നും വ്യത്യസ്തമായിരിക്കും. ആത്മീയ ദർശനം ഇല്ലാത്തവൻ എപ്പോഴും പച്ചപ്പിന്റെ സുഖസൗകര്യങ്ങളെ മാത്രം തെരഞ്ഞെടുക്കും. എന്നാൽ അതിൽ നിന്നും വ്യത്യസ്തനാകണം ആത്മീയ കാഴ്ചപ്പാട് ഉള്ളവൻ.

ഇന്ന് ആത്മീയ ഗോളത്തിലും ചില പെന്തക്കൊസ്ത് അനുഭാവികളിലും ഇതുതന്നെയാണ് നടക്കുന്നത്. ഈ ലോകത്തിന്റെ സകല മ്ലേച്ഛതകളിൽ നിന്നും സ്ഥാനമാനങ്ങളിൽ നിന്നും സാത്താൻ കൊണ്ടു വരുന്ന പച്ചപ്പിന്റ അനുഭവങ്ങളിൽ നിന്നും മാറി നിൽക്കേണ്ട ഭക്തർ തെരഞ്ഞെടുപ്പ് നടത്തി എല്ലാം വെട്ടിപ്പിടിക്കാം എന്ന മോഹത്തോടെ മുന്നേറുന്നതാണ് നാം കാണുന്നത്. അതിനു വേണ്ടി പാനലുണ്ടാക്കാനും ഗ്രൂപ്പിസം ഉണ്ടാക്കുവാനും കോടികളാണ് ചില വഴിക്കുന്നത്. ഇതെല്ലാം സാത്താന്യമാണെന്ന് ആത്മീയർ തിരിച്ചറിയേണം.

വിശുദ്ധ ബൈബിളിൽ അടുത്ത ഉദാഹരണമായി കാണുന്നത് ദാവീദിന്റെ തെരഞ്ഞെടുപ്പാണ്. ഫെലിസ്ത്യ സൈന്യം യിസ്രയേല്യ

(ശേഷം മൂന്നാം പേജിൽ)

*ഉൾപേജുകളിൽ...*


| | |
|---|---|
| ലോകത്തെ സ്നേഹിക്കരുത് | : പാസ്റ്റർ എം.സാമുവൽകുട്ടി |
| ഇത്ര വലിയ രക്ഷ | : പാസ്റ്റർ മനോജ് തമ്പി |
| സുവിശേഷം വരുത്തിയ മാറ്റം | : പാസ്റ്റർ ജോസ് ശാമുവേൽ |
| ജോയലിന്റെ സ്വപ്നം | : ഇവാ. ജോൺ സാമുവൽ മണക്കാല |

പത്രാധിപ ലേഖനം......

# ലോകത്തെ സ്നേഹിക്കരുത്



പുതിയനിയമത്തിൽ ഏറ്റവും കൂടുതൽ പുസ്തകങ്ങൾ എഴുതിയതിൽ രണ്ടാം സ്ഥാനം യോഹന്നാനാണ്. അഞ്ച് രചനകൾ യോഹന്നാന്റെ തൂലികയിൽ നിന്ന് നമുക്ക് ലഭിച്ചിട്ടുണ്ട്- ഒരു സുവിശേഷം, മൂന്ന് ലേഖനങ്ങൾ, വെളിപ്പാട് പുസ്തകം. ചരിത്രം, ഉപദേശം, പ്രവചനം എന്നീ മൂന്ന് ശാഖകളിൽ ഗ്രന്ഥങ്ങൾ എഴുതിയെന്ന ഔന്നത്യം യോഹന്നാനുണ്ട്. അദ്ദേഹത്തിന്റെ മൂന്ന് ലേഖനങ്ങൾ തമ്മിൽ ആശയത്തിലും ഭാഷാശൈലിയിലും പൊരുത്തമുണ്ടെങ്കിലും, വിവാദരഹിതവും കാനോനികവും സാർവ്വത്രികവും ആദിമസഭയിൽ അംഗീകരിക്കപ്പെട്ടു എന്നതിലും പ്രാധാന്യത്തിലും ഒന്നാം ലേഖനം മറ്റ് രണ്ട് ലേഖനങ്ങളിൽ നിന്ന് വ്യത്യസ്തമായി നിലകൊള്ളുന്നു. അടിസ്ഥാനോപദേശങ്ങളുടെ വിശകലനവും ക്രിസ്തീയ ജീവിതത്തിൽ സ്വീകരിക്കേണ്ട ധർമ്മോപദേശങ്ങളുടെ സംഗ്രഹവും ഒന്നാം ലേഖനത്തിൽ കാണാം.

ശരിയായ വിധത്തിലുള്ള സ്നേഹം പ്രാവർത്തികമാക്കുവാൻ യോഹന്നാന്റെ ലേഖനം നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. എന്നാൽ തെറ്റായ വിധത്തിലുള്ള സ്നേഹം, അതായത് ദൈവം വെറുക്കുന്ന ഒരു സ്നേഹം ഉണ്ടെന്ന് അത് മുന്നറിയിപ്പ് നൽകുന്നു. ഇപ്രകാരമുള്ള സ്നേഹത്തെ ഈ ലോകത്തോടുള്ള സ്നേഹം എന്നാണ് വേദപുസ്തകം വിളിക്കുന്നത്(1 യോഹ.2:15-17). ദൈവമക്കൾ ലോകത്തെ സ്നേഹിക്കരുത് എന്നതിന് ചില കാരണങ്ങൾ ഉണ്ട്.

ഒന്ന്, ഈ ലോകം ആയിരിക്കുന്ന അവസ്ഥ. പുതിയനിയമത്തിൽ ലോകം എന്ന വാക്കിന് കുറഞ്ഞപക്ഷം മൂന്ന് വ്യത്യസ്ത അർത്ഥങ്ങളുണ്ട്. ചില അവസരങ്ങളിൽ അത് ഭൗതികമായ ലോകത്തെയാണ് സൂചിപ്പിക്കുന്നത്. അതായത് ഈ ഭൂമി.'ലോകവും അതിലുള്ളതൊക്കെയും ഉണ്ടാക്കിയ ദൈവം സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനാകകൊണ്ട് കൈപണിയായ ക്ഷേത്രങ്ങളിൽ വാസം ചെയ്യുന്നില്ല.' രണ്ടാമതായി മനുഷ്യലോകത്തെ അതായത് മനുഷ്യവർഗ്ഗത്തെ അർത്ഥമാക്കുന്നു. 'ദൈവം ലോകത്തെ സ്നേഹിച്ചു.' ചില അവസരങ്ങളിൽ ഈ രണ്ട് ആശയങ്ങളും ഒന്നിച്ച് കാണുന്നു. 'അവൻ(യേശു) ലോകത്തിലുണ്ടായിരുന്നു; ലോകം (ഭൂമി) അവൻ മുഖാന്തരം ഉളവായി; ലോകമോ (മനുഷ്യവർഗ്ഗം) അവനെ അറിഞ്ഞില്ല'(യോഹ.1:10). എന്നാൽ 'ലോകത്തെ സ്നേഹിക്കരുത് എന്നുള്ള മുന്നറിയിപ്പ് പ്രകൃതിയാകുന്ന ലോകത്തെക്കുറിച്ചോ മനുഷ്യവർഗ്ഗമാകുന്ന ലോകത്തെക്കുറിച്ചോ അല്ല. ദൈവം നമുക്ക് സകലവും ധാരാളമായി അനുഭവിപ്പാൻ നൽകിയതുകൊണ്ട് അവൻ ഉണ്ടാക്കിയ ഈ ഭൂമിയുടെ ഭംഗിയും ഉപയോഗവും മുഖാന്തരം ദൈവത്തെ മഹത്വപ്പെടുത്തുവാൻ കടപ്പെട്ടവരാണ് ദൈവമക്കൾ(1 തിമൊ.6:17). മാത്രമല്ല, നാം തീർച്ചയായും ജനങ്ങളെ സ്നേഹിപ്പാൻ കടപ്പെട്ടിരിക്കുന്നു. അതായത് നാം നമ്മുടെ സ്നേഹിതന്മാരെ മാത്രമല്ല, ശത്രുക്കളെപോലും സ്നേഹിക്കേണം. നമ്മുടെ ശത്രുവായി ഇവിടെ പറഞ്ഞിരിക്കുന്ന ലോകം ദൈവത്തോടും ക്രിസ്തുവിനോടും എതിർത്ത് നിൽക്കുന്ന അദൃശ്യമായ ദുഷ്ടാത്മസേനയാണ്.

ലോകം എന്ന വാക്ക് നമ്മുടെ ദിനംതോറുമുള്ള സംഭാഷണത്തിൽ ഒരു 'സംവിധാനം' എന്ന നിലയിൽ ഉപയോഗിക്കാറുണ്ട്. ഉദാഹരണമായി, ടിവി അവതാരകൻ പറയുന്നു, 'കായികലോക'ത്തുനിന്നുള്ള വാർത്തകൾ ഞങ്ങൾ നിങ്ങൾക്കായി അവതരിപ്പിക്കുന്നു. 'കായികലോകം' എന്നു പറയുന്നത് വേറെ ഒരു ഗ്രഹമോ ഭൂഖണ്ഡമോ അല്ല. മറിച്ച് അത് സജ്ജീകരിക്കപ്പെട്ട ഒരു സംവിധാനമാണ്. ഒരു കൂട്ടം ആശയങ്ങൾ, മനുഷ്യർ, പ്രവർത്തനങ്ങൾ, ഉദ്ദേശ്യങ്ങൾ മുതലായവകൊണ്ട് ഉണ്ടാക്കപ്പെട്ട ഒരു സംവിധാനം. അതുപോലെ, 'സാമ്പത്തിക ലോകം', 'രാഷ്ട്രീയ ലോകം' എന്നിവയ്ക്കും ഇതുപോലെ അവരുടെതായ സംവിധാനങ്ങളുണ്ട്.

വേദപുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന 'ലോകം' ഈ ഭൂമിയിലെ യേശുക്രിസ്തുവിന്റെ പ്രവൃത്തിയെ എതിർക്കുവാനുള്ള സാത്താന്റെ സംവിധാനമാണ്. 'ഈ ലോകത്തിന്റെ പ്രഭു' എന്ന് യേശു സാത്താനെ സംബോധന ചെയ്തിട്ടുണ്ട്. പിശാചിന് അവനോടുകൂടെ പ്രവർത്തിക്കുന്നതിനും ഈ ലോകത്തിലെ സംഗതികളെ സ്വാധീനിക്കുന്നതിനുമായി ദുഷ്ടാത്മാക്കളുടെ ഒരു സംഘടനയുണ്ട്. ഭൂമിയിൽ ദൈവഹിതം നിറവേറ്റുവാൻ പരിശുദ്ധാത്മാവ് ജനങ്ങളെ ഉപയോഗിക്കുന്നതുപോലെ, സാത്താൻ തന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കാൻ ആളുകളെ ഉപയോഗിക്കുന്നു.

രക്ഷിക്കപ്പെടാത്തവർ ഈ ലോകത്തിനുള്ളവരാണ്. യേശു അവരെ 'ഈ ലോകത്തിന്റെ മക്കൾ' എന്നു വിളിച്ചു (ലൂക്കൊ.16:8). യേശു ഭൂമിയിലായിരുന്നപ്പോൾ ഈ ലോകത്തിന്റെ മക്കൾ അവനെ അറിഞ്ഞില്ല. ഇപ്പോൾ അവനിൽ വിശ്വസിക്കുന്ന നമ്മെയും അവർ അറിയുന്നില്ല (1യോഹ.3:1). 'മനുഷ്യലോകത്തിലെ' ഒരംഗമാണ് വിശ്വാസി. അതുപോലെ ഭൗതിക ലോകത്തിൽ അവൻ വസിക്കുന്നു. എന്നാൽ ദൈവത്തോടെതിർക്കുന്ന സാത്താന്റെ സംവിധാനമായ ദുഷ്ടാത്മാക്കളുടെ ലോകത്തിലുള്ളവൻ അല്ല അവൻ. നിങ്ങൾ ലോകക്കാർ (സാത്താന്റെ സംവിധാനം) ആയിരുന്നുവെങ്കിൽ, ലോകം തനിക്ക് സ്വന്തമായതിനെ സ്നേഹിക്കുമായിരുന്നു, എന്നാൽ നിങ്ങൾ ലോകക്കാരായിരിക്കാതെ ഞാൻ നിങ്ങളെ ലോകത്തിൽ നിന്നു തെരഞ്ഞെടുത്തതുകൊണ്ട് ലോകം നിങ്ങളെ പകയ്ക്കുന്നു (യോഹ. 15:19). അതുകൊണ്ട് ഈ ലോകം ഒരു ദൈവപൈതലിനെ സംബന്ധിച്ചിടത്തോളം സ്വാഭാവിക വാസസ്ഥലമല്ല. കാരണം, അവന്റെ പൗരത്വം സ്വർഗ്ഗത്തിലാണ്. തന്നെയുമല്ല, ഈ ഭൂമിയിൽ ജീവിക്കുവാൻ പര്യാപ്തമായ അവന്റെ എല്ലാ ഉപജീവനമാർഗ്ഗങ്ങളും സ്വർഗ്ഗത്തിലുള്ള പിതാവിൽ നിന്നും വന്നതാണ്.

ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല (1 യോഹ.2:15). ലോകസംവിധാനം ക്രിസ്ത്യാനികളെ കെണിയിൽ വീഴ്ത്തുവാൻ മൂന്ന് ഉപായങ്ങൾ പ്രയോഗിക്കുന്നതായി യോഹന്നാൻ ചൂണ്ടിക്കാണിക്കുന്നു. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം(1 യോഹ.2:16). മനുഷ്യന്റെ വീഴ്ചയുടെ സ്വഭാവത്തെ ആകർഷിക്കുന്ന ഏതു കാര്യവും ജഡാഭിലാഷത്തിൽ പെടുന്നു. ജഡം എന്നുവച്ചാൽ ശരീരം എന്നല്ല ഇവിടെ അർത്ഥമാക്കുന്നത്. ഏറെക്കുറെ ആത്മീയ സത്യങ്ങൾക്കുനേരെ ഒരുവനെ അന്ധനാക്കി തീർക്കുന്ന പ്രാകൃത മനുഷ്യന്റെ അടിസ്ഥാന സ്വഭാവങ്ങളെ അത് പരാമർശിക്കുന്നു(1 കൊരി. 2:14). നമ്മുടെ ശാരീരിക ജനനത്തിങ്കൽ തന്നെ നമുക്ക് ലഭിക്കുന്ന ജന്മപ്രകൃതിയാണ് ജഡം. രണ്ടാമത്തെ ജനനത്തിങ്കൽ നമുക്ക് ലഭിക്കുന്ന സ്വഭാവ പ്രകൃതിയാണ് ആത്മാവ് (യോഹ.3:5,6). നാം ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ ദിവ്യസ്വഭാവത്തിനു കൂട്ടാളികളായി തീരുവാൻ ഇടവരുന്നു (2 പത്രൊ.1:4). ഒരു വിശ്വാസിക്ക് തന്റെ ജീവിതത്തിൽ പഴയസ്വഭാവപ്രകൃതിയും (ജഡം) പുതിയ സ്വഭാവപ്രകൃതിയും (ആത്മാവ്) ഉണ്ട്. ഈ രണ്ട് സ്വഭാവങ്ങളും തമ്മിൽ വൻ പോരാട്ടവുമുണ്ട് (ഗലാ.5:1723)

നമ്മുടെ ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവിനാലും പ്രാർത്ഥനയാലും ലഭ്യമാകുന്ന ആത്മീയ സഹായം, ക്രിസ്തീയ കൂട്ടായ്മ, ദൈവവചനം എന്നിവയാലും അല്ലാതെ ഈ ഭൂമിയിൽ നമുക്കൊരിക്കലും വിജയം നേടുവാൻ കഴിയുകയില്ല.

**പാസ്റ്റർ എം. സാമുവൽകുട്ടി**

# സുവിശേഷം വരുത്തിയ മാറ്റം

(നാലാം പേജിൽ നിന്ന് തുടർച്ച)

ത്തിൽപെട്ട സ്ത്രീകൾക്ക് തങ്ങളുടെ മാറ് മറയ്ക്കാൻ പോലും ഇവിടെ അനുവാദമില്ലായിരുന്നു. അങ്ങനെ വീർപ്പുമുട്ടികഴിഞ്ഞിരുന്ന ജനമധ്യത്തിലേക്കും, അയിത്തം മൂലം വഴി നടക്കുവാൻ പോലും സ്വാതന്ത്ര്യം ഇല്ലാതിരുന്ന ഹിന്ദുസമുദായത്തിൽപെട്ട സാധു ജനങ്ങളെ ബ്രിട്ടീഷ് ഭരണത്തിന്റെ തണലിൽ നിന്നു കൊണ്ട് ഹിന്ദുരാജാക്കന്മാരുടെ പ്രോത്സാഹനത്തോടും സഹായത്തോടും കൂടി വിദേശമിഷണറിമാർ അവരുടെ പ്രവർത്തനത്തിൽകൂടി ധാരാളം ആൾക്കാരെ ക്രിസ്തുവിലേക്ക് ആകർഷിക്കുവാൻ ഇടയായി. അങ്ങനെ ഇന്നുള്ള ക്രിസ്ത്യാനികൾ ഹരിജനങ്ങളിൽ നിന്നും ഈ ഒരു നൂറ്റാണ്ടിനിടയിൽ ക്രിസ്തീയ വിശ്വാസത്തിലേക്ക് കടന്നുവരികയും പിൽകാലങ്ങളിൽ അവർ ക്രിസ്ത്യാനികളായി അറിയപ്പെടുകയും ചെയ്തു.

വൈക്കം സത്യാഗ്രഹം 1924-1925, ഗുരുവായൂർ സത്യാഗ്രഹം 1931-1932, ക്ഷേത്രപ്രവേശനം 1936 പാലിയം സത്യാഗ്രഹം 1947-1948 ഇവയെല്ലാം തന്നെ ഉച്ചനീചത്വങ്ങൾക്കെതിരെയായിരുന്നു. എന്നാൽ ഇവ കൊണ്ടൊന്നും വലിയ മാറ്റങ്ങൾ സമൂഹത്തിൽ വരുത്തുവാൻ കഴിഞ്ഞില്ല.

1814-ൽ ജർമ്മനിയിൽ ജനിച്ച ഹെർമ്മൻ ഗുണ്ടർട്ട് ബാസൽ മിഷന്റെ അംഗമായി മിഷനറിപ്രവർത്തനങ്ങൾക്കായി ഇന്ത്യയിലെത്തി. 1839-1859 വരെ തലശേരിക്കടുത്തുള്ള ഇല്ലിക്കുന്നിൽ താമസിച്ചു. മലയാളം-ഇംഗ്ലീഷ് നിഘണ്ടു, കേരളോൽപത്തി, മലയാള ഭാഷാ വ്യാകരണം, പഴഞ്ചൊൽ മാല, കേരളപ്പഴമ എന്നിങ്ങനെ ധാരാളം സംഭാവനകൾ കേരളത്തിനു നൽകി. കേരളത്തിൽ ഇന്ന് നാം കാണുന്ന സമത്വ ചിന്താഗതിക്ക് സുവിശേഷം അഥവാ വിദേശമിഷണറിമാരുടെ സംഭാവനകൾ വലിയതാണ്. ചരിത്രത്തിന്റെ ഏടുകളിൽ നിന്ന് ആർക്കും മായിച്ചു കളവാനോ, നിഷേധിക്കുവാനോ കഴിയുകയില്ല. സുവിശേഷത്തിനു മാത്രമേ ഇവിടെ ഒരു സമൂലമായ പരിവർത്തനം കൊണ്ടുവരുവാൻ സാധിക്കു.

# വിവാഹിതരായി

**അടൂർ:** മാഞ്ഞാലി ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭാംഗവും മണക്കാല അയണിവിള കിഴക്കേതിൽ പാസ്റ്റർ വി. എം. ഏബ്രഹാമിന്റെയും ജ്ഞാനമ്മയുടേയും മകൾ മോനിയും പുനലൂർ ശാരോൺ ഫെലോഷിപ്പ് ചർച്ച് വിശ്വാസിയും പുനലൂർ വട്ടമൺ ലീലാ വിലാസത്തിൽ പാസ്റ്റർ വിൽസൺ പീറ്ററിന്റേയും എസ്തേറിന്റെയും മകൻ ജോൺസണും തമ്മിലുള്ള വിശുദ്ധവിവാഹം 2016 മാർച്ച് 28 തിങ്കളാഴ്ച്ച പുനലൂർ തൊളിക്കോട് മർത്തോമ്മ പാരിഷ് ഹാളിൽ വച്ച് ശാരോൻ ഫെലോഷിപ്പ് ചർച്ച് പുനലൂർ സെന്റർ ശുശ്രൂഷകൻ പാസ്റ്റർ ജോൺസന്റെ കാർമ്മികത്വത്തിൽ നടന്നു. നവദമ്പതികൾക്ക് *വിശ്വാസി*യുടെ ആശംസകൾ!



**വരിസംഖ്യ നിരക്ക് ഒരുവർഷത്തേക്ക്**

| | | |
|---|---|---|
| ഇന്ത്യയിൽ | | :36 രൂപ |
| ഗൾഫ് | | :300 രൂപ |
| യു.എസ് | $ | :10 |
| കാനഡ | $ | :10 |

**ക്ഷണിക്കുന്നു**

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*

**എഡിറ്റോറിയൽ ബോർഡ്**

**ചീഫ് എഡിറ്റർ**
പാസ്റ്റർ എം. സാമുവൽകുട്ടി

**അസ്സോസിയേറ്റ് എഡിറ്റേഴ്സ്**
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി

പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ്: *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വചനദീപ്തം

# ഇത്ര വലിയ രക്ഷ!



പാസ്റ്റർ മനോജ് തമ്പി
മങ്ങാട്

**മോ**ക്ഷം, മുക്തി, പുണ്യം, സായൂജ്യം എന്നീ പദങ്ങൾക്ക് സമാന്തരമായി ചിന്തിക്കാവുന്ന ശ്രേഷ്ഠമായ പദമാണ് ബൈബിളിന്റെ പരിചയപ്പെടുത്തുന്ന 'രക്ഷ' എന്ന പദം. ബൈബിൾ മൂലഭാഷയായ എബ്രായ ഭാഷയിൽ 'യാസ', 'നാസാൽ' എന്നീ പദപ്രയോഗങ്ങൾ ഉപയോഗിച്ചിരിക്കുന്നു. 'യാസ' എന്ന പദത്തിന് തടസങ്ങൾ നീക്കി ഇടം ഒരുക്കി വികസനം നൽകുകയെന്നും 'നാസാൽ' എന്ന പദത്തിന് വലിച്ചെടുക്കുക, സ്വാതന്ത്ര്യം നൽകുക എന്നുള്ള അർത്ഥവുമാണ് ലഭിച്ചിരിക്കുന്നത്. ബാഹ്യവും ഭൗതികവുമായ വിടുതൽ, ആത്മീക വിടുതൽ ഇങ്ങനെ ബൃഹത്തായ സന്ദേശമാണ് ക്രിസ്തീയ രക്ഷ കൊണ്ട് അർത്ഥമാക്കുന്നത്.

വിശ്വാസത്തിലധിഷ്ഠിതവും ആചാരപരവും അനുഷ്ഠാനപരവുമായി ദൈവത്തെ അനുസരിക്കുന്നതിലൂടെയായിരുന്നു പഴയനിയമഭക്തന്മാർ രക്ഷ കരഗതമാക്കിയിരുന്നത്. മോക്ഷം നേടുവാൻ വിവിധ മാർഗ്ഗങ്ങൾ ഇന്ന് മനുഷ്യൻ തേടുന്നു.കർമ്മമാർഗ്ഗമായ തീർത്ഥാടനങ്ങൾ, പദയാത്രകൾ, പെരുനാളുകൾ, പുണ്യാത്മാക്കളോടോ മധ്യസ്ഥന്മാരോടോ കഴിക്കുന്ന പ്രാർത്ഥനകൾ, വഴിപാടുകൾ, ദാനധർമ്മങ്ങൾ, ഇവയൊന്നും മനുഷ്യന്റെ രക്ഷയ്ക്ക് സഹായകമല്ല എന്ന് ബൈബിൾ വ്യക്തമാക്കുന്നു.

വിജ്ഞാനപരമായ ശാസ്ത്രപഠനങ്ങൾ, മനഃശാസ്ത്രം, വാനഗോള ശാസ്ത്രം, യോഗാഭ്യാസം ഇവയൊന്നും മനുഷ്യനെ ആത്യന്തികമായി രക്ഷിക്കുന്നില്ല. ചുരുക്കത്തിൽ മനുഷ്യൻ കണ്ടെത്തിയ യാതൊരു മാർഗ്ഗങ്ങളും മനുഷ്യനെ രക്ഷിക്കുന്നില്ല. പല തരത്തിലുള്ള രക്ഷ വേദപുസ്തകം വിശദമാക്കുന്നു. അതിൽ ശ്രദ്ധേയമായ ചില സത്യങ്ങൾ രക്ഷയുടെ മാഹാത്മ്യത്തെ വിശദമാക്കുന്നു.

**1. ആത്മരക്ഷ**

ദൈവത്താൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനിൽ ദൈവം പകർന്ന മഹത്തായ ഘടകമാണ് ആത്മാവ്. ഏദൻ തോട്ടത്തിൽ വാസമാരംഭിച്ച മനുഷ്യനോട് ദൈവം നൽകിയ കൽപ്പനയിൽ ചിലത് ചെയ്യരുത് എന്ന് നിർദേശിച്ചി രുന്നു. അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നുന്ന നാളിൽ നീ മരിക്കും എന്ന കൽപ്പന ലംഘിച്ച ആദിമ മാതാപിതാക്കൾക്ക് ആത്മീക മരണം സംഭവിച്ചു. കൽപ്പനാലംഘനത്തെ പാപമെന്നും, ആത്മീയ മരണത്തെ ദൈവത്തോടുള്ള അകൽച്ചയെന്നും നമുക്ക് മനസ്സിലാക്കാം. ആദിമ മാതാപിതാക്കളിൽ നിന്നും മനുകുടുംബത്തിലേക്ക് പാപവും ആത്മീക മരണവും അർബുദവ്യാധി പോലെ പടർന്ന് കയറി. അങ്ങനെ വർണ്ണ വ്യത്യാസം കൂടാതെ എല്ലാവരും പാപികളും ആത്മാവിൽ മരിച്ചവരുമായി മാറി.

ദൈവീക ചിന്തകളില്ലാത്ത മനുഷ്യൻ, ദൈവീക കൂട്ടായ്മ ബന്ധമില്ലാത്ത മനുഷ്യൻ, ദൈവീക പ്രവർത്തികളെക്കുറിച്ച് അറിയാത്ത മനുഷ്യൻ, ദൈവത്തോട് വിശ്വാസത്താൽ പ്രതികരിക്കാത്ത മനുഷ്യൻ ആത്മാവിൽ മരിച്ചവനാണ്. ഇങ്ങനെ ആത്മീയ മരണം സംഭവിച്ച മനുഷ്യന്റെ ആത്മീക വിടുതലാണ് ആത്മരക്ഷ. അതിന് സാധ്യമായ ഏകവഴി യേശുക്രിസ്തുവിന്റെ ക്രൂശ് മരണത്തെ അംഗീകരിച്ച് യേശുവിനെ രക്ഷകനായി കൈക്കൊള്ളുക എന്നതാണ്. ആത്മാവിന്റെ രക്ഷ ദൈവത്തിന്റെ ദാനമാണ്. അത് യേശുക്രിസ്തുവിലൂടെ മാത്രമാണ് മനുഷ്യന് ലഭ്യമാകുന്നത് (അപ്പോ.4:12). എല്ലായിടത്തും എല്ലാവരും രക്ഷിക്കപ്പെടണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ജലപ്രളയം കൊണ്ട് ഭൂമിയെ ന്യായം വിധിക്കുമ്പോൾ ദൈവം പദ്ധതിയിട്ടപ്പോഴും രക്ഷയ്ക്കായി പെട്ടകം ഒരുക്കിയിരുന്നു. സോദോമിനെയും ഗോമോറയെയും തീകൊണ്ട് ന്യായം വിധിക്കുവാൻ ആലോചന നൽകിപ്പോഴും അബ്രഹാമിനെ ദൈവം ഓർത്തു. ഇനിയും ഒരു വലിയ ന്യായവിധി ദൈവം മനുഷ്യന് നിയമിച്ചിരിക്കുന്നു. എന്നാൽ, യേശുക്രിസ്തു എന്ന രക്ഷാകരമായ ദാനം ദൈവം മനുഷ്യന് നൽകി യിരിക്കുന്നു. ക്രിസ്തു നിമിത്തം ഇന്നും ദൈവം മനുഷ്യനെ രക്ഷിക്കുന്നു.

> മോക്ഷം നേടുവാൻ വിവിധ മാർഗ്ഗങ്ങൾ ഇന്ന് മനുഷ്യൻ തേടുന്നു. കർമ്മമാർഗ്ഗമായ തീർത്ഥാടനങ്ങൾ, പദയാത്രകൾ, പെരുനാളുകൾ, പുണ്യാത്മാക്കളോടോ മധ്യസ്ഥന്മാരോടോ കഴിക്കുന്ന പ്രാർത്ഥനകൾ, വഴിപാടുകൾ, ദാനധർമ്മങ്ങൾ, ഇവയൊന്നും മനുഷ്യന്റെ രക്ഷയ്ക്ക് സഹായകമല്ല എന്ന് ബൈബിൾ വ്യക്തമാക്കുന്നു

**2. ശാരീരിക രക്ഷ**

ആത്മമരണം സംഭവിച്ച് പാപത്തിൽ തുടരുന്ന വ്യക്തികൾ ശരീരത്തിന്റെ ആഗ്രഹത്തിന് അനുസ്യൂതമായി ജീവിക്കുന്നു. അതിന് വേദപുസ്തകം നൽകുന്ന പദം ജഡമോഹം അല്ലെങ്കിൽ ജഡാഭിലാഷം എന്നാണ്. എന്നാൽ ആത്മരക്ഷ അനുഭവമാക്കിയവർ അവരുടെ ശരീരങ്ങളെ നിയന്ത്രിക്കുകയും, ശരീരത്തെ ദൈവത്തിന്റെ ആലയമായി സൂക്ഷിക്കുകയും ചെയ്യുന്നു. രക്ഷകനായ ക്രിസ്തുവിന് പ്രഥമസ്ഥാനം കൊടുക്കുകയും ജീവസന്ധാരണത്തിന് രണ്ടാം സ്ഥാനം നൽകുകയും ചെയ്യുന്നവനാണ് യഥാർത്ഥ വിശ്വാസി. മോഹങ്ങൾ ശരീരത്തിൽ കടക്കാതെ കണ്ണുമായി നിയമം ചെയ്യുന്നവർ, ദുഷ്ട ചിന്തകളെ ബോധപൂർവ്വം അകറ്റി നിർത്തുന്നവർ, മനഃപൂർവ്വം ദോഷം ചെയ്യാത്തവർ അവരാണ് ക്രിസ്തു വിശ്വാസികൾ. അത്തരത്തിലാകുവാൻ കഴിയാത്തവർ കപടഭക്തരായ വേഷധാരികളാണ്.

വിശ്വാസികൾക്കുള്ള ശാരീരിക രക്ഷ മരണത്തിലോ, കർത്താവിന്റെ പുനരാഗമനത്തിലോ സംഭവിക്കുന്നു. കഷ്ടതയും, കണ്ണുനീരും, ആരോപണങ്ങളും, അന്യായങ്ങളും പരിഹാസ

(ശേഷം നാലാം പേജിൽ)

(ഒന്നാം പേജിൽ നിന്നും തുടർച്ച)

# തിരഞ്ഞെടുപ്പും മത്സരാർത്ഥികളും

രോട് യുദ്ധത്തിനായി ഏലാതാഴ് വരയിൽ നിരന്നു. യിസ്രയേല്യർക്കെതിരെ ഫെലിസ്ത്യ മല്ലനായ ഗോല്യാത്ത്- ആറു മുഴവും ഒരു ചാണും നെടുപ്പമുള്ളവൻ, ഏഴ് വിധ ആയുധ വർഗ്ഗങ്ങളായ താമ്രശിരസ്ത്രം, കവചം, കാല്ചട്ട, കുന്തമുന, വാൾ പരിച എന്നിവയാൽ വെല്ലുവിളിയുയർത്തി മുന്നോട്ടു വന്നു. ഇവിടെയാണ് നാം ചിന്തിക്കേണ്ടത്. ശത്രുസൈന്യത്തിന്റെ ഗാംഭീരത മനസ്സിലാക്കി തെരഞ്ഞെടുപ്പ് നടത്താൻ ദൈവമക്കൾ തയ്യാറാകണം. അഭിഷേകമുള്ളവനെ കണ്ടെത്തി വിജയം ഉറപ്പാക്കുവാൻ ആത്മീയ ഗോളം തയ്യാറാകണം. സാമ്പത്തികഭദ്രത മാത്രം നോക്കി ആത്മീയ നേതൃത്വത്തിലേക്ക്, സ്ഥാനമാനങ്ങളിലേക്ക് കൊണ്ടു വരരുത്.

നമുക്ക് മുമ്പിലുള്ള വെല്ലുവിളികളെ ജയിക്കുവാൻ അഭിഷേകം ആവശ്യമാണ്. ശത്രുവിന്റെ വെല്ലുവിളി ഏറ്റെടുത്ത് വിജയം സമ്മാനിക്കുവാൻ അഭിഷേകമുള്ള ദാവീദ് മുന്നോട്ട് വന്നപ്പോൾ തടയുന്നത് സഹോദരങ്ങൾ. ഇത് ആത്മീയ ഗോളത്തിൽ കണ്ടുവരുന്ന ഒരു പ്രതിഭാസമാണ്. പ്രാർത്ഥിക്കുന്നവനേയും പ്രവർത്തിക്കുന്നവനേയും മാറ്റി നിർത്തുന്ന കാലം. ഇവിടെയാണ് തിരഞ്ഞെടുപ്പിന്റെ പ്രാധാന്യം. ആത്മീയ ദർശനമുള്ളവനേയും, പ്രാർത്ഥിക്കുന്നവനേയും അഭിഷേകമുള്ളവനേയും ഏൽപ്പിച്ചാൽ നല്ല വിജയം കൈവരിക്കാം. ഇവിടെ അഭിഷേക തൈലം വീണ ദാവീദ് ശത്രുവിനു നേരെ ഉപയോഗിക്കുവാൻ തിരഞ്ഞെടുത്ത ആയുധം തോട്ടിൽ നിന്നുള്ള അഞ്ച് മിനുസമുള്ള കല്ലുകളും കവണയുമായിരുന്നു. അഞ്ച് കല്ലുകൾ ഉണ്ടായിരുന്നിട്ടും ഒന്നിന്റെ ആവശ്യമേ വന്നുള്ളു.

മത്സരാർത്ഥികൾ വ്യത്യസ്ത ചിന്താഗതിക്കാരും വ്യത്യസ്ത അഭിപ്രായമുള്ളവരും ആകുന്നു. ഇവിടെയാണ് ഒരു ഭക്തന്റെ തിരഞ്ഞെടുപ്പ് പ്രകടമാകുന്നത്. ജനത്തോടുള്ള യോശുവയുടെ രണ്ടാം പ്രഭാഷണത്തിൽ ഒരു ഉറപ്പായ തീരുമാനം- തിരെഞ്ഞെടുപ്പ്- ജനത്തെ അറിയിക്കുന്നു. ആരെ സേവിക്കും എന്ന് ഇന്ന് തിരഞ്ഞെടുത്തുകൊൾവിൻ. ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും.

തിന്മയെ ഉപേക്ഷിച്ച് നന്മയെ തിരഞ്ഞെടുക്കുന്നവരാകണം ദൈവമക്കൾ. ഉപേക്ഷിക്കേണ്ട കാര്യങ്ങളുടെ നീണ്ട ലിസ്റ്റ് വേദപുസ്തകം പ്രഖ്യാപിക്കുന്നുണ്ട്. യോശുവ 24:14-ൽ മിസ്രയിമിൽ വച്ച് സേവിച്ച ദേവന്മാരെ ഉപേക്ഷിക്കുവീൻ എന്ന് പറഞ്ഞിരിക്കുന്നു. കൂടാതെ വിഗ്രഹദേവന്മാർ, പുളിപ്പ്, ദുഷ്ടത, പാതകം, വെളിച്ചപ്പാടത്തികൾ, നീതികേട്, വായുടെ വക്രത തുടങ്ങിയവ. എഫെ. 4:25ൽ- ഭോഷ്ക്, കയ്പ്പ്, കോപം, ക്രോധം, കൂറ്റാരവം, ദൂഷണം തുടങ്ങി സകല ദുർഗുണങ്ങളും നാം ഉപേക്ഷിക്കണമെന്ന് പറഞ്ഞിരിക്കുന്നു.

ഒരു ദൈവ പൈതലിന്റെ ആത്യന്തികമായ തിരഞ്ഞെടുപ്പ് തന്റെ നിത്യതയെ ഉറപ്പിക്കുന്നതായിരിക്കണം. ലോകസ്നേഹത്തിന്റെ, പാപത്തിന്റെ, നാശത്തിന്റെ നരകത്തിലേക്കുള്ള വിശാലമായ വഴിയോ നിത്യജീവനിലേക്കുള്ള ഇടുക്കവും ഞെരുക്കവും ഉള്ള വഴിയോ എന്നത് വ്യക്തമായി തിരഞ്ഞെടുക്കേണം. ദൈവഹിതത്തിനും, ഭക്തിക്കും ആത്മീയ വർദ്ധനവിനും ആത്മീയ നിലനിൽപ്പിനും ഉതുകുന്ന തരത്തിലുള്ള ഒരു തിരെഞ്ഞെടുപ്പ് നമുക്ക് നടത്താം.

# കേരളാ റീജൻ മാസയോഗം

**അടൂർ**: കേരളാ റീജൻ ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭയുടെ ഏപ്രിൽ മാസത്തെ മാസയോഗം അടൂർ ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിൽ വച്ച് നടത്തപ്പെട്ടു. റീജൻ ട്രഷറാർ പാസ്റ്റർ സുമേഷ് പി. ലാസർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ റീജൻ സെക്രട്ടറി പാസ്റ്റർ വി.എം. ഏബ്രഹാം സങ്കീർത്തന പ്രബോധനം നടത്തുകയും മുഖ്യാതിഥിയായി പങ്കെടുത്ത പാസ്റ്റർ ജോൺ ഫിലിപ്പോസ് (യു.എസ്.എ) ദൈവവചന സന്ദേശം നൽകുകയും ചെയ്തു. സുവിശേഷമറിയിക്കുന്നതിൽ വിശ്വാസികൾക്കുള്ള പങ്കിനെക്കുറിച്ചും സുവിശേഷീകരണത്തിന് വില കൊടുക്കണമെന്നും പാസ്റ്റർ ജോൺ ഫിലിപ്പോസ് പ്രസ്താവിച്ചു. സഭാ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടിയുടെ നേതൃത്വത്തിൽ നടന്ന തിരുവത്താഴ ശുശ്രൂഷയോടു കൂടി മാസയോഗം പര്യാവസാനിച്ചു.

# എൻ.യു.സി.എഫ്. ഐക്യാരാധന

(ഒന്നാം പേജിൽ നിന്നും തുടർച്ച)

ന്യൂനപക്ഷ മന്ത്രി ശ്രീ. സന്ദീപ്കുമാർ എന്നിവർ മുഖ്യഅതിഥികളായിരുന്നു. പ്രാർത്ഥനയ്ക്ക് ശക്തിയുണ്ടെന്നും, ഉന്നതങ്ങളിൽ വസിക്കുന്ന ദൈവമാണ് സകലവും നിശ്ചയിക്കുന്നതെന്നും മുഖ്യമന്ത്രി തന്റെ ആശംസസന്ദേശത്തിൽ പറഞ്ഞു. എൻ.യു.സി.എഫ്. ചെയർമാൻ പാസ്റ്റർ തോമസ് സെബാസ്റ്റ്യൻ, ജനറൽ കോഡിനേറ്റർ റവ. യേശുനാഥദാസ് എന്നിവർ നേതൃത്വം നൽകിയ ടീം ആണ് ഈ ഐക്യാരാധനക്കായി ക്രമീകരണങ്ങൾ ഒരുക്കിയത്. സഭകളെയും ദൈവമക്കളെയും പ്രോത്സാഹിപ്പിക്കുവാനും ഐകൃത വളർത്തുവാനും എല്ലാവർഷവും ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുമെന്ന് ചെയർമാൻ പാസ്റ്റർ തോമസ് സെബാസ്റ്റ്യൻ അറിയിച്ചു. സഭകൾക്കോ വിശ്വാസികൾക്കോ ആവശ്യമായ എല്ലാ നിയമസഹായവും നൽകാൻ എൻ.യു.സി.എഫ് പ്രതിജ്ഞാബദ്ധരാണ്.

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

NEWSPAPER REGN. No. 65362 / 97
POSTAL REGN.NO. DL 07 / 0138 / 15 - 17
Date of Publication - 5th May 2016
Date of Posting - 7th & 8th of every month
Total Number of pages : 4

Tel : 91 9810084388, e-mail : icm4india@yahoo.com, website- www.indianchristianmission.com

Price Rs. 3/-

മാർച്ച് ലക്കത്തിൽ നിന്നും തുടർച്ച

## സുവിശേഷം വരുത്തിയ മാറ്റം



**പാസ്റ്റർ ജോസ് ശാമുവേൽ**
**ന്യൂഡൽഹി**

**ഭാ**രതത്തിൽ പ്രത്യേകിച്ചും കേരളത്തിന്റെ ഒരു ശാപം ആയിരുന്നു അയിത്തം.അയിത്തത്തിന്റെ ഉൽപത്തി എങ്ങനെയാണെന്ന് നിർവചിക്കുക വളരെ പ്രയാസമാണ്. അയിത്താചരണത്തിന്റെ പരിണിത ഫലങ്ങൾ അനുഭവിക്കാത്ത കേരള ജനത തുലോം ചുരുക്കം ആണ്. നമ്പൂതിരി ബ്രാഹ്മണൻ ഒഴിച്ചുള്ളവർക്കെല്ലാം അയിത്തം ഉണ്ടായിരുന്നു. വർണ്ണത്തെ അടിസ്ഥാനമാക്കിയായിരുന്നു ഉച്ച നീചത്വങ്ങളും, തീണ്ടലും തൊടീലുംമെല്ലാം. ഈ ഉച്ചനീചത്വങ്ങൾ കൂടുതൽ അടിച്ചേൽപ്പിക്കപ്പെട്ടത് ഇവിടുത്തെ അവർണ്ണ ജനതക്കായിരുന്നു. വർണ്ണവിവേചനത്തിനു വേണ്ടി മതങ്ങൾ കൂടുതൽ അന്ധവിശ്വാസം പുലർത്തുകയും അതിനാവശ്യമായ നിർമ്മിത കഥകൾ കൂടുതൽ വ്യാപരിപ്പിക്കുകയും ചെയ്തു. ഉയർന്ന ജാതിയിൽ ഉള്ളവർ ഒരു താഴ്ന്ന ജാതിയെ തൊട്ടാൽ പ്രപഞ്ചത്തിന്റെ നിലനിൽപ്പുപോലും അവതാളത്തിലാകും എന്നാണ് പഠിപ്പിച്ചിരുന്നത്.

ഈ വിശ്വാസം മനുഷ്യ സമുദായത്തിന്റെ വളർച്ചയും ലോകത്തിന്റെ ശ്രേയസിനും വളരെയധികം പ്രതിബന്ധമുണ്ടാക്കിയെന്ന് അവർ ഇപ്പോഴെങ്കിലും സമ്മതിക്കുന്നു എന്നുള്ളതാണ് സന്തോഷം. ലോകത്തോട് ചെയ്ത ഈ മഹാദ്രോഹം ഒരു പുണ്യകർമ്മമാണെന്ന സാർവത്രികമായി വിശ്വസിപ്പിച്ച ചെറു നൂനപക്ഷമായ ബ്രാഹ്മണ സമുദായവും ആ ദുഷ്കർമ്മ ഫലം അനുഭവിക്കേണ്ടിവന്നു എന്നുള്ളതാണ് ദൈവനീതിയുടെ വൈശിഷ്ട്യം.

അയിത്തം താഴ്ന്ന ജാതിയിലുള്ള ജനത്തിനു മാത്രമുള്ള ഒരു വസ്തുതയാണെന്നാണ് ഇന്നും ചിലർ ധരിച്ചിരിക്കുന്നത്. എന്നാൽ അയിത്തത്തിൽ നിന്നും ഒഴിവായിരുന്നത് ഇവിടുത്തെ ബ്രാഹ്മണർ മാത്രമാണ്. തൊട്ടുകൂടായ്മ വർഗത്തിൽപെട്ടവർ 'ഈഴവർ, ആശാരി, മൂശാരി, പറയർ, പുലയർ, കുറവർ ഈ കൂട്ടരെ അവർണ്ണർ എന്നറിയപ്പെടുമ്പോൾ സവർണ്ണർ എന്നു പറയുന്ന മറ്റൊരു വിഭാഗക്കാർ ഉണ്ടായിരുന്നു. അവരുടെ ഇടയിലും ഇതേ വേർകൃത്യം നടന്നിരുന്നു എന്നുള്ളതാണ് മറ്റൊരു സത്യം. അതുകൊണ്ട് ഒരേ തട്ടിൽ ഉള്ളവരെ ഏകോപിപ്പിക്കുവാൻ വളരെ പ്രയാസമായിരുന്നു. അത്രയും തന്ത്രപരമായിട്ടാണ് മേലാളന്മാർ ഈ കാര്യം ശ്രദ്ധിച്ചിരുന്നത്. വീരശൂരന്മാരും, ക്ഷത്രിയ വംശജന്മാരും കേരളത്തിന്റ ഉടമസ്ഥരും അധികാരികളും എന്ന് അഭിമാനിക്കുന്നവരുമായ നായന്മാരെ അഗ്രജന്മാരായ ബ്രാഹ്മണർക്കു മാത്രമല്ല അന്താള വർഗത്തിൽപെട്ട തമ്പുരാക്കന്മാർക്കും വാര്യർക്കും, പിഷാരടിക്കുമെല്ലാം തീണ്ടലുണ്ട്. ഒരു നായരെ, വാര്യർ, പിഷാരടി, ബ്രാഹ്മണൻ എന്നിവർ തൊട്ടാൽ അവരെല്ലാം കുളിക്കണമെന്നാണ് വ്യവസ്ഥ. അവർണ വർഗത്തിൽപെട്ട ഒരുവനെ തൊട്ടാലും അതിൽ കവിഞ്ഞൊന്നും ഇല്ല.

> **കേരളത്തിൽ ഇന്ന് നാം കാണുന്ന സമത്വ ചിന്താഗതിക്ക് സുവിശേഷം അഥവാ വിദേശമിഷണറിമാരുടെ സംഭാവനകൾ വലിയതാണ്. അത് ചരിത്രത്തിന്റെ ഏടുകളിൽ നിന്ന് ആർക്കും മായിച്ചു കളവാനോ, നിഷേധിക്കുവാനോ കഴിയുകയില്ല. സുവിശേഷത്തിനു മാത്രമേ ഇവിടെ ഒരു സമൂലമായ പരിവർത്തനം കൊണ്ടുവരുവാൻ സാധിക്കുകയുള്ളു**

ബ്രാഹ്മണവഴിയിൽ ഒരു പുലയനെ കണ്ടാൽ പുലയന് 64 അടി, ഈഴവന് 12 അടി, നായർക്ക് 4 അടി ഇങ്ങനെയായിരുന്നു തീണ്ടലിന്റെ ദൂരം. കേരളത്തിലുള്ള അന്ധവിശ്വാസത്തിന്റെയും അനാചാരങ്ങളുടെയും കണക്കെടുത്താൽ 4 ആചാരങ്ങളും 64 അനാചാരങ്ങളുമാണ് കേരളത്തിലുള്ളത്.

സവർണ്ണ വർഗത്തിൽപെട്ട കുട്ടികളെ അവരുടെ അമ്മമാർ ഉപദേശിച്ചിരുന്നത് അവർണ വർഗത്തിൽപെട്ട കുട്ടികളെ തൊട്ടാൽ കുളി നിർബന്ധമായിരുന്നു. അത് തെറ്റിച്ചാൽ പാപമായിരുന്നു എന്നാണ് പഠിപ്പിച്ചിരുന്നത്. അബദ്ധവശാൽ അയിത്തമുണ്ടായാൽ (തൊടുകയോ തീണ്ടുകയോ) ഉമിനീര് ഇറക്കരുതെന്നും ഇറക്കിയാൽ കണ്ണും ചെവിയും പൊട്ടുമെന്നും അമ്മമാർ മക്കളെ ഉപദേശിച്ചിരുന്നു. വഴിയേ സഞ്ചരിക്കുമ്പോൾ തീണ്ടാതിരിക്കേണ്ട ബാധ്യത തീണ്ടൽ ജാതിക്കാർക്കുള്ളതായിരുന്നു. അവർ സഞ്ചരിക്കുമ്പോൾ വഴിയേ, വഴിയേ തീണ്ടുള്ളവൻ വരുന്നു എന്നറിയിക്കുന്ന ശബ്ദം പുറപ്പെടുവിച്ചുകൊണ്ടിരിക്കണം.

അയിത്തം എന്ന മഹാവിവത്തിൽ ആടിയുലഞ്ഞ കൂട്ടരായിരുന്നു ഇവിടുത്തെ അവർണ്ണർ. അവർണ വർഗ

(ശേഷം രണ്ടാം പേജിൽ)

(മൂന്നാം പേജിൽ നിന്നും തുടർച്ച)

## ഇത്ര വലിയ രക്ഷ!

ങ്ങളും, പ്രതികൂലങ്ങളുമില്ലാത്ത അനുഭവത്തിലേക്ക് മരണം വഴിയാലോ കർത്താവിന്റെ രണ്ടാം വരവിലോ വിശ്വാസി പ്രവേശിക്കുന്നതിലൂടെ ശാരീരിക രക്ഷയുടെ അർത്ഥതലങ്ങൾ അനുഭവയോഗ്യമാകുന്നു. യേശുവിനെ രക്ഷകനായി സ്വീകരിക്കുന്ന വ്യക്തി പാപത്തിന്റെ ശിക്ഷയായ മരണത്തിൽ നിന്നും ദുഷ്പ്രവർത്തികളുടെ പ്രതിഫലമായ നിത്യന്യായ വിധിയിൽ നിന്നും രക്ഷ പ്രാപിക്കുന്നു (റോമ. 8:1).

### 3. നിത്യരക്ഷ

ആത്മമരണത്തിൽ നിന്നും ശാരീരക മരണത്തിൽ നിന്നും രക്ഷപ്പെട്ടവർ നിത്യ മരണമായ നരകയാതനയിൽ നിന്നും രക്ഷ പ്രാപിക്കുന്നതാണ് നിത്യരക്ഷ. അനന്തകോടി വർഷങ്ങൾ നീളുന്ന നിത്യ വാസം അവർണ്ണനീയവും വിസ്മയകരവുമായതിനാൽ രക്ഷയുടെ വലിപ്പവും മഹത്വവും വർദ്ധിക്കുന്നു. ക്രിസ്തുവിനാൽ രക്ഷ പ്രാപിച്ചവർ ക്രിസ്തുവിനോട് അനുരൂപരായി ജീവിച്ചാൽ ക്രിസ്തുവിനോട് കൂടി വസിക്കുവാൻ യോഗ്യരാകും എന്ന സത്യത്തിൽ ഉറച്ച്കൊണ്ട് നിരപവാദ്യരായി, നിർമ്മദരായി നമുക്ക് ജീവിക്കാം.

**ക്രമീകൃത വേദപഠനത്തിന് ഒരു അംഗീകൃത സ്ഥാപനം**

**ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ്**

(ഒരു ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്ഥാപനം)

വിജയകരമായ പതിനൊന്നാം വർഷത്തിലേക്ക് പ്രവേശിക്കുന്നു

അടുത്ത ബാച്ച് 2016 ജൂൺ ആദ്യവാരം ആരംഭിക്കുന്നു.

Faith Celebration Bible College, Shanthy Nagar, Police Station Road, Adoor PO, Pathanamthitta, Kerala 691523,
Ph. 04734 - 225213, 9961813058 E-Mail:- fcbcadur@yahoo.com, Website: www.indianchristianmission.com

ഉറവ

## ജോയലിന്റെ സ്വപ്നം



**ഇവാ. ജോൺ സാമുവൽ**
**മണക്കാല**

**ഞ**ങ്ങൾ അന്ന് പതിവിലും വ്യത്യസ്തമായി വളരെ കൗതുകത്തോടെയാണ് ജോയലിന്റെ വാക്കുകൾ കേട്ടുകൊണ്ടിരുന്നത്. അവന്റെ അമ്മ അവന് ജന്മം നൽകിയത് കേരളത്തിലായിരുന്നെങ്കിലും വളരുന്നത് വടക്കേന്ത്യയിലാണ്. കൃത്യമായി പറഞ്ഞാൽ ഡൽഹിയുടെ ഓരം ചേർന്ന് കിടക്കുന്ന ഗ്രേറ്റർനോയിഡയിൽ. സ്കൂളിലും പരിസരത്തും തൊണ്ണൂറ്റി ഒൻപതു ശതമാനവും ഹിന്ദിക്കാരാണ്. മറ്റ് പ്രദേശങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇവിടെ മലയാളികളുടെ എണ്ണം കുറവാണ്. ജോയലിന്റെ സംസാരത്തിനിടെ ചില ഹിന്ദി വാക്കുകൾ കടന്നു കൂടുമെങ്കിലും കഴിവതും നന്നായി അവൻ മലയാളം സംസാരിക്കും. കാരണം, വീട്ടിൽ അവന്റെ അപ്പയും അമ്മയും അവനോട് മലയാളത്തിലാണ് സംസാരിക്കുന്നത്. (മറുനാടൻ മലയാളികളായ മാതാപിതാക്കൾ അവരുടെ മക്കളെ മാതൃഭാഷയായ മലയാളം പഠിപ്പിക്കുവാൻ മടികാണിക്കരുത്. ലോക ക്ലാസ്സിക് ഭാഷകളിൽ ഉദാത്തമായ സ്ഥാനമാണ് മലയാളത്തിനുമുള്ളത്. മാത്രമല്ല മലയാളത്തിന് ശ്രേഷ്ഠ ഭാഷയെന്ന വിശിഷ്ടപദവിയും ഇപ്പോൾ ലഭിച്ചിരിക്കുന്നു. മലയാളഭാഷയുടെ തനതായ ഉച്ചാരണ ശൈലിയും, ഭംഗിയും, ലാളിത്യവും മാധുര്യവും വികലമായി ചവച്ചുതുപ്പുന്ന വർത്തമാനകാലത്തെ ചിലരുടെ പ്രയോഗ രീതി പൊറുക്കാവുന്നതിലുമപ്പുറമാണ്. ആശയവിനിമയത്തിനു ദൈവം മനുഷ്യന് നൽകിയ മാദ്ധ്യമമാണ് ഭാഷ. മലയാളികൾ മലയാള ഭാഷയെ സ്നേഹിക്കണം. ശരിയായ നിലയിൽ മക്കളെ ഭാഷ പഠിപ്പിക്കുകയും അതിനായി ഉത്സാഹിപ്പിക്കുകയും വേണം) ഇപ്പോൾ പത്ത് വയസ്സാകാറായി ജോയലിന്. ചില വർഷങ്ങൾക്ക് മുമ്പ് അവൻ കണ്ട് ഞങ്ങളോട് പറഞ്ഞുകേട്ട സ്വപ്നം ഒരു ചുഴലിക്കാറ്റുപോലെ എന്നിലേക്ക് ചൂഴ്ന്നിറങ്ങി.

കൺമുമ്പിൽ... തൊട്ടടുത്ത്.... കയ്യെത്താവുന്ന ദൂരത്തിൽ യേശു അവന് അഭിമുഖമായി നില്ക്കുന്നു. മുഖത്ത് ചെറിയ ചിരിയുണ്ട്. പറഞ്ഞുകേട്ട യേശുവിനെ അടുത്ത് കണ്ടതിന്റെ സന്തോഷത്തിൽ അല്പം വേഗതയിൽ അടുത്തേക്ക് നടന്നു ചെന്നു. കുഞ്ഞുകൈകൾ യേശുവിന്റെ നേരെ നീട്ടി. പെട്ടന്നാണ് അത് സംഭവിച്ചത്. ജോയലിന്റെ പുറകുവശത്തുനിന്നും ഒരു കൈ മുൻപോട്ട് നീണ്ട് വന്ന് യേശുവിന്റെ താടിയിൽ പിടിച്ചു വലിച്ചു. അത് ഇളകി വീണു. യേശുവിന്റെ മുഖംമുടി ധരിച്ച് മുൻപിൽ നിന്നത് പിശാചായിരുന്നു. അവന്റെ തനിരൂപം ഇപ്പോൾ ദൃശ്യമാണ്. ഉയരത്തിൽ നിന്നും ദൈവശക്തി അവിടേക്ക് ഇറങ്ങിവന്നു. ഭയന്നുപോയ പിശാച് ഓടിമറയുവാൻ ശ്രമിച്ചു. തെല്ല് ഭയത്തോടെ ജോയലും ഓടി. ഓടുന്നതിനിടയിൽ അവൻ ആരുടെ കൂടെയാണ് ഓടുന്നതെന്ന് ആദ്യം ശ്രദ്ധിച്ചില്ല. പക്ഷെ ഇടയ്ക്ക് ഒളികണ്ണിട്ട് നോക്കിയപ്പോൾ ജോയൽ അമ്പരന്നുപോയി. യേശുവിനോടൊപ്പം എന്ന ധാരണയിൽ ഓടുന്നത് സാത്താനോടൊപ്പം ആയിരുന്നു. തെല്ല് മുമ്പ് ഉയരത്തിൽ നിന്ന് പ്രവഹിച്ച ദൈവശക്തിയുടെ ഒരംശം തന്നിലുണ്ടെന്ന ഉറച്ച ബോദ്ധ്യത്തോടെ ജോയൽ മുഷ്ടി ചുരുട്ടി പിശാചിന്റെ മുഖത്ത് ശക്തിയോടെ ഇടിച്ചു. ആ ഇടിയുടെ ശക്തിയിൽ പിശാച് അടുത്തുള്ള ഭിത്തിയിൽ ഒരു സ്റ്റിക്കറുപോലെ ഒട്ടിപ്പോയി. ജോയൽ യഥാർത്ഥ യേശുവിന്റെ അടുക്കലേക്ക് ഓടിയടുത്തു.

ജോയലിന്റെ ആ സ്വപ്നം അവൻ പറഞ്ഞവസാനിപ്പിച്ചെങ്കിലും എന്റെ ഉള്ളിൽ അഭ്രപാളികളിൽ തെളിഞ്ഞുകാണുന്ന ചിത്രം പോലെ തെളിഞ്ഞുനിന്നു. എത്ര ശ്രമിച്ചിട്ടും അത് മനസ്സിൽ നിന്നും മാഞ്ഞുപോകുന്നില്ല. എന്നിലെ ചിന്തകൾ ഒരു പക്ഷി കണക്കെ ചിറകുവിരിച്ച് പറന്നുയർന്നു.

വിശുദ്ധ ബൈബിളിൽ അനേകർ സ്വപ്നങ്ങൾ കണ്ടതായി നാം വായിക്കുന്നുണ്ട്. രാഷ്ട്രങ്ങളുടെ ഭാവി, ഭരണ-ആത്മീയ-ഭൗതിക-പ്രകൃതി തലങ്ങളിലുണ്ടാകുന്ന മാറ്റങ്ങൾ, വ്യക്തിജീവിതത്തെ പരാമർശിക്കുന്നവയോക്കെ പല സ്വപ്നങ്ങളിലെയും പ്രധാന വിഷയങ്ങളായി തീർന്നിട്ടുമുണ്ട്. വെറും കുട്ടികഥകളായി തള്ളിക്കളയുവാനാവില്ലവയൊന്നും. ഭൂത-വർത്ത മാന-ഭാവികാലങ്ങളെ ചൂണ്ടികാട്ടുന്ന ദൈവിക വചസ്സുകളായി അവ തീർന്നിട്ടുണ്ട്. അങ്ങനെയെങ്കിൽ ജോയ ൽ കണ്ട സ്വപ്നം ഒരു പ്രവാചക ശബ്ദം പോലെ എന്നോട് സംസാരിച്ചു തുടങ്ങി.

സാത്താന്റെ തന്ത്രത്തിന്റെ വ്യക്തമായ ഒരു ചിത്രം. ശതകോടിജനങ്ങളെ കബളിപ്പിച്ച് കെണിയിൽ വീഴ്ത്താനുള്ള സാത്താന്റെ പ്രധാന ആയുധങ്ങളിൽ ഒന്നായിരിക്കുന്നു ഇന്ന് ആത്മീകത. ഭൗതികാധിഷ്ഠിത ചിന്തകളും അനുഗ്രഹത്തിന്റെ തത്വശാസ്ത്രവും നിറഞ്ഞുനിൽക്കുന്ന ആത്മികതയുടെ കപടമുഖം മനസ്സിലാക്കാതെ ആയിരങ്ങൾ വഞ്ചിതരായി തീരുന്നു. ആത്മീയകതയുടെ വേഷം ധരിച്ച് ഇത്തരം ഇരട്ടത്താപ്പുനയങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന ചെകുത്താന്റെ രാജ്യത്തിന്റെ ഏജന്റുമാരായ ചെറുകുറുക്കന്മാരെ വചനമെന്ന ആയുധമുപയോഗിച്ച് ധീരതയോടെ നേരിട്ടേ മതികൂ. വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേൽപ്പിച്ചിരിക്കുന്ന വിശ്വാസ സത്യങ്ങൾക്ക് വേണ്ടി പോരാടണം. യഹോവയുടെ പക്ഷത്തുള്ളവർ മാറിനില്ക്കട്ടെ. ആത്യന്തികമായ വിജയം നമുക്കുമാത്രമാണ്.

Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442